ഭരണഭാഷ-മാതൃഭാഷ

വളരെ അടിയന്തിരം


വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ. Phone No.0487-2360810
Website:www.ddethrissur .org.
Email:ddetsr.dge@kerala.gov.in


നമ്പർ എച്ച് 2-22393/19 തിയതി 22/11/2019

പ്രേഷിതൻ
വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്
ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

സർ,

വിഷയം: പൊതു വിദ്യാഭ്യാസം - കുട്ടികളുടെ ജീവന് ഭീഷണിയാകാവുന്ന ഭൗതിക സാഹചര്യം ഉള്ള വിദ്യാലയങ്ങൾ - അടിയന്തിര വിവര ശേഖരണം - സംബന്ധിച്ച്.

സൂചന: 1. ബഹു.ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 22/11/19 ന് 3 മണിക്ക് നടക്കുന്ന യോഗം
2. 21/11/19, 22/11/19 തിയ്യതികളിലെ വിവിധ മാധ്യമ വാർത്തകൾ

.......

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെയും അടിയന്തിര നേരിട്ടുള്ള ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഗവ.സർവജന വി.എച്ച്.എസ്.എസ് ലെ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനി കഴിഞ്ഞ ദിവസം പാമ്പു കടിയേറ്റ് മരിച്ച സംഭവം ആരെയും ഞെട്ടിക്കുന്ന അതിദാരുണ ദുരന്തമാണ്. ക്ലാസ്സ് മുറികളിൽ വെച്ച് ഇത്തരത്തിൽ സംഭവിക്കുന്നത് അത്യന്തം ഖേദകരവും, വളരെ ഗൗരവമുള്ളതുമാണ്. പ്രസ്തുത വിദ്യാലയ സാഹചര്യത്തിന് സമാനമായി ഈ ജില്ലയിലും ഏതെങ്കിലും വിദ്യാലയങ്ങളിൽ സാഹചര്യം ഉണ്ടെങ്കിൽ, ആയതിൽ അടിയന്തിര ഇടപെടൽ നടത്തുവാൻ വിദ്യാലയവുമായി ബന്ധപ്പെട്ട ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. വിഷയത്തിൽ ജില്ലാ ഭരണകൂടം അടിയന്തിര യോഗം വിളിച്ചു ചേർത്തിരിക്കുകയാണ്.

ആയതിനാൽ തൃശ്ശൂർ ജില്ലയിലെ ഗവ./എയിഡഡ്/അൺ-എയിഡഡ് വിഭാഗങ്ങളിലെ പ്രീ-പ്രൈമറി മുതൽ എച്ച്.എസ്.എസ്/വി.എച്ച്.എസ്.ഇ വരെയുള്ള എല്ലാ വിഭാഗം വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികൾ, കെട്ടിടത്തിന്റെ തറ, ചവിട്ടുപടികൾ, ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, വായന മുറി, സ്റ്റാഫ് റൂം, ആഫീസ് മുറി, ഉച്ചഭക്ഷണ സാധനങ്ങളുടെ സ്റ്റോർ, അടുക്കള,

ഡൈനിംഗ് ഹാൾ, യൂറിനൽ, ടോയ്‌ലറ്റ്, മതിൽ, കിണർ എന്നിവിടങ്ങളിൽ എവിടെയെങ്കിലും പൊത്തുകൾ, പോടുകൾ, പൊട്ടിപ്പൊളിയലുകൾ എന്നിവ ഉണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങളുടെ പേര വിവരം ഫോൺ നമ്പർ സഹിതം ഇന്ന് 2 മണിയ്ക്കുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിലും, ഉപജില്ലയിലും നിന്നും ക്രോഡീകരിച്ച ലിസ്റ്റാണ് നൽകേണ്ടത്. ഇന്ന് 3 മണിയ്ക്ക് നടക്കുന്ന അടിയന്തിര അവലോകന യോഗത്തിലേയ്ക്ക് വിവരങ്ങൾ ആവശ്യമാണ്. എല്ലാ വിദ്യാഭ്യാസ ആഫീസർമാരും പ്രധാന അദ്ധ്യാപകർക്ക് ഉടൻ നിർദ്ദേശം നൽകി വിവരശേഖരണം നടത്തി നിശ്ചിത സമയത്തിനുള്ളിൽ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

മേൽ പ്രശ്നങ്ങൾ ഉള്ള വിദ്യാലയങ്ങളിൽ പി.ടി.എ, അദ്ധ്യാപകർ, എസ്.എം.സി, ഒ.എസ്.എ എന്നിവരുടെ സഹായത്തോടെ പ്രശ്നം പരിഹരിയ്ക്കുന്നതിന് സാധിക്കുമെങ്കിൽ ആവശ്യമായത് ചെയ്യുവാൻ പ്രിൻസിപ്പാൾ, പ്രധാന അദ്ധ്യാപകൻ, പി.ടി.എ പ്രസിഡണ്ട് എന്നിവർ മുൻകൈ എടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

**വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി.**

//അംഗീകാരത്തോടെ//

**സൂപ്രണ്ട്.**

പുറത്തെഴുത്ത് നം A5/PDL/19 തി. 22/11/19

സി.എ 22/11 മേൽ വിവരിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്ന സ്കൂളുകൾ 2 മണിക്കുള്ളിൽ. ഈ കാര്യാലയത്തിലേക്ക് ഫോൺ ചെയ്ത് അറിയിക്കേണ്ടതാണ്

DEO